# കേരള നിയമസഭ
# 11.12.2012–ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം
2012 ഡിസംബർ 11, ചൊവ്വ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ– 30)

| മറുപടി നൽകുന്ന മന്ത്രിമാർ |
|---|
| ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി |
| സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി |
| ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി |

## ഗാഡ്ഗിൽ ഫോർമുല

*31 ശ്രീ. റ്റി.എൻ. പ്രതാപൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, ജോസഫ് വാഴക്കൻ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗാഡ്ഗിൽ ഫോർമുല അനുസരിച്ച് സംസ്ഥാനത്തിന് എത്ര മെഗാവാട്ട് വൈദ്യുതിയാണ് ലഭിക്കേണ്ടത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) അർഹതപ്പെട്ട വൈദ്യുതി ലഭിക്കുന്നതിന് എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട് ; വിശദമാക്കുമോ;

(സി) കൂടംകുളം ആണവ നിലയത്തിൽ നിന്ന് സംസ്ഥാനത്തിന് വൈദ്യുതി ലഭിക്കുന്നതിന് എന്തെല്ലാം സജ്ജീകരണങ്ങൾ ചെയ്തിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

<u>പങ്കാളിത്ത പെൻഷൻ</u>

*32 ശ്രീ. പി. ബി. അബ്ദുൾ റസാക്
" റ്റി. എ. അഹമ്മദ് കബീർ
" എം. ഉമ്മർ
" കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാർക്ക് പങ്കാളിത്ത പെൻഷൻ നടപ്പാക്കാൻ തീരുമാനിക്കേണ്ടിവന്ന സാഹചര്യം വിശദമാക്കുമോ;

(ബി) ഇത് മൂലം സാമ്പത്തിക സ്ഥിതിയിൽ ക്ക് ഗുണപരമായ എന്തെല്ലാം നേട്ടങ്ങളാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ ;

(സി) ഈ തീരുമാനം ജീവനക്കാരിലും തൊഴിൽരഹിതരിലും ഉണ്ടാക്കിയിട്ടുളള ആശങ്കകൾ ദൂരീകരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 11.12.2012–ലെ മറുപടിക്ക്

<u>പ്രോസിക്യൂഷൻ, നീതിന്യായ സംവിധാനങ്ങളുടെ പരിഷ്കരണം</u>

*33 ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
'' കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രോസിക്യൂഷൻ, നീതിന്യായം എന്നീ വ്യവസ്ഥാപിത സംവിധാനങ്ങളിലെ പഴുതുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെടുന്ന ക്രിമിനൽ കേസുകളിൽ ചിലതിലെങ്കിലും ബോധപൂർവ്വമോ അല്ലാതെയോ നിരപരാധികൾ പ്രതിചേർക്കപ്പെടുകയും ശിക്ഷിക്കപ്പെടുകയും അതേസമയം യഥാർത്ഥ പ്രതികൾ സ്വതന്ത്രരായി നടക്കുകയും ചെയ്യുന്ന അവസ്ഥ ഉണ്ടായിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മേൽ സാഹചര്യത്തിൽ ഈ വിഷയത്തിൽ സമഗ്രമായ ഒരു പരിശോധനയും പരിഷ്ക്കരണ നടപടികളും നടത്താനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.12.2012–ലെ മറുപടിക്ക്

<u>ബസ് ചാർജ് വർദ്ധനവ്</u>

*34 ശ്രീമതി ഗീതാ ഗോപി
ശ്രീ. മുല്ലക്കര രത്നാകരൻ
,, വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അവസാനമായി ബസ്സ് ചാർജ്ജ് വർദ്ധിപ്പിച്ചതെന്നാണ് ; ചാർജ്ജ് വർദ്ധനയ്ക്ക് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തായിരുന്നു;

(ബി) അശാസ്ത്രീയമായ ബസ്സ് ചാർജ്ജ് വർദ്ധനവ് മൂലം യാത്രാ നിരക്കിലുണ്ടായ ഭാരിച്ച വർദ്ധനവ് ജനങ്ങൾക്ക് താങ്ങാനാവുന്നതിനേക്കാൾ കൂടുതലാണെന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; അത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) വിദ്യാർത്ഥികളെ ചാർജ്ജ് വർദ്ധനവിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.12.2012–ലെ മറുപടിക്ക്

<u>ഖനനം മൂലമുള്ള പരിസ്ഥിതി പ്രശ്നങ്ങൾ</u>

*35 ശ്രീ. എൻ. എ. നെല്ലിക്കുന്ന്
,, പി. കെ. ബഷീർ
,, പി. ഉബൈദുള്ള
,, കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വെട്ടുകല്ല്, പാറ എന്നിവ ഖനനം ചെയ്യുന്നതുമൂലമുള്ള പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(ബി) ഖനന മേഖലയിലെ വെള്ളക്കെട്ടുകൾ ജീവജാലങ്ങൾക്കുണ്ടാക്കുന്ന അപകടങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ;

(സി) ഇത്തരം വെള്ളക്കെട്ടുകൾ പരിസ്ഥിതിക്ക് ഹാനികരമാവാത്ത വിധത്തിലും, ജീവനാശത്തിനിടയാക്കാത്ത വിധവും, ക്വാറികൾക്ക് രൂപമാറ്റം വരുത്തി ജനജീവിതത്തിന് തടസ്സം സൃഷ്ടിക്കാതിരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

<u>കൺസ്യൂമർഫെഡ്</u>

*36 ശ്രീ. എം. പി. വിൻസെന്റ്
,, കെ. അച്ചുതൻ
,, വി. റ്റി. ബൽറാം
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അവശ്യ നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് നൽകാൻ കൺസ്യൂമർഫെഡ് എന്തെല്ലാം നടപടികളാണ് ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ഏതെല്ലാം അവശ്യ നിത്യോപയോഗ സാധനങ്ങളാണ് ഇതിനായി തെരഞ്ഞെടുത്തിട്ടുള്ളത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഇവ വിതരണം ചെയ്യുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 11.12.2012–ലെ മറുപടിക്ക്

<u>റയിൽവേ ആവശ്യങ്ങൾ</u>

*37 ശ്രീ. കെ. എം. ഷാജി
,, വി. എം. ഉമ്മർ മാസ്റ്റർ
,, എൻ. ഷംസുദ്ദീൻ
,, അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ റയിൽവേ ആവശ്യങ്ങൾ സംബന്ധിച്ച് കേന്ദ്രത്തിൽ നിവേദനം സമർപ്പിച്ചിട്ടുണ്ടോ ;

(ബി) അതിൽ ഉന്നയിച്ചിട്ടുള്ള പ്രധാന ആവശ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(സി) അടുത്ത റയിൽവേ ബജറ്റിൽ സംസ്ഥാനത്തിന് അർഹമായ പ്രാതിനിധ്യം ലഭിക്കുംവിധം കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ;

(ഡി) സംസ്ഥാനത്തെ വിവിധ കേന്ദ്രങ്ങളിൽ നിന്നും യാത്ര തുടങ്ങുന്ന ട്രെയിനുകൾ അന്യസംസ്ഥാനങ്ങളിലേക്ക് നീട്ടുമ്പോൾ കേരളത്തിനുള്ള സീറ്റ് ക്വാട്ട കുറയാതിരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 11.12.2012-ലെ മറുപടിക്ക്

<u>വൈദ്യുതി സാമ്പത്തിക പുനരുദ്ധാരണ പാക്കേജ്</u>

*38 ശ്രീ. കെ. അജിത്
,, വി. എസ്. സുനിൽകുമാർ
,, വി. ശശി
,, ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ നിർദ്ദേശിച്ച വൈദ്യുതി സാമ്പത്തിക പുനരുദ്ധാരണ പാക്കേജ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പാക്കേജ് തളളിക്കളയണമെന്ന ആവശ്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിലുളള അഭിപ്രായം എന്താണെന്ന് വെളിപ്പെടുത്തുമോ ?

## കേരള നിയമസഭ
## 11.12.2012–ലെ മറുപടിക്ക്

എമർജിംഗ് കേരള പുത്തൻ സംരംഭങ്ങൾ

*39 ശ്രീമതി ജമീലാ പ്രകാശം
ശ്രീ. ജോസ് തെറ്റയിൽ
,, മാത്യു റ്റി. തോമസ്
,, സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എമർജിംഗ് കേരളയിൽ എന്തെല്ലാം പുത്തൻസംരംഭങ്ങൾക്ക് തുടക്കം കുറിക്കാൻ കഴിഞ്ഞിട്ടുണ്ട്;

(ബി) നിക്ഷേപസംരംഭത്തിൽ പങ്കാളിയായി എന്ന് മുഖ്യമന്ത്രി പ്രഖ്യാപിച്ച പട്ടികയിൽപ്പെട്ട ഏതെങ്കിലും സംരംഭകർ തങ്ങൾ അത്തരത്തിൽ ഒരു പദ്ധതിയും ആവിഷ്കരിച്ചിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ടോ;

(സി) എമർജിംഗ് കേരളയ്ക്കായി സംസ്ഥാന ഖജനാവിൽ നിന്ന് ചെലവായ തുക എത്രയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 11.12.2012-ലെ മറുപടിക്ക്

<u>വൈദ്യുതി പ്രതിസന്ധിയും വൈദ്യുതി ചാർജ്ജും</u>

*40 ശ്രീ. കെ. വി. അബ്ദുൾഖാദർ
,, എം. എ. ബേബി
,, ബി.ഡി ദേവസ്സി
,, പി. റ്റി. എ റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ചാർജ്ജ് വർദ്ധനയും പവർക്കട്ടും മൂലം സംസ്ഥാനത്തെ വ്യവസായിക മേഖല നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഐ. ടി. മേഖല ഉൾപ്പെടെ പുതുതായി ആരംഭിക്കുന്ന വ്യവസായ സംരംഭങ്ങൾക്ക് വൈദ്യുതി ചാർജ്ജിനത്തിൽ എന്തെല്ലാം ഇളവുകളാണ് ഇപ്പോൾ അനുവദിച്ചിട്ടുളളത്;

(സി) സംസ്ഥാനത്ത് വൈദ്യുതി നിരക്ക് വർദ്ധനവ് എന്ന് മുതലാണ് നടപ്പിലാക്കിയിട്ടുളളത്: ഇതുവഴി പ്രതിമാസ വരുമാനത്തിലുണ്ടായ വർദ്ധനവിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഡി) ഈ സർക്കാർ ഏർപ്പെടുത്തിയ ഫ്യൂവൽ സർച്ചാർജ്ജ് വഴി ഓരോ മാസവും എന്തു തുക ഇതുവരെ പിരിച്ചെടുത്തിട്ടുണ്ടെന്ന് വിശദമാക്കാമോ; പുതുക്കിയ വൈദ്യുതി നിരക്കുകൾ എന്നുവരെയാണ് പ്രാബല്യത്തിലുണ്ടാവുക; പ്രസ്തുത തീയതിയ്ക്കു ശേഷം താരിഫ് പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 11.12.2012–ലെ മറുപടിക്ക്

<u>വീടുകളിൽ സൗരോർജ്ജ പാനൽ</u>

*41 ശ്രീ. വി. ഡി. സതീശൻ
'' ഡൊമിനിക് പ്രസന്റേഷൻ
'' വർക്കല കഹാർ
'' പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വീടുകളിൽ സൗരോർജ്ജ പാനൽ സ്ഥാപിച്ച് വൈദ്യുതി ഉൽപാദിപ്പിക്കുന്ന പദ്ധതിക്ക് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ;

(സി) ഈ പദ്ധതിയുടെ നോഡൽ ഏജൻസി ആരാണ് ;

(ഡി) ഈ പദ്ധതിയിലൂടെ എത്ര യൂണിറ്റ് വൈദ്യുതി ഉൽപാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്നറിയിക്കുമോ ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

<u>ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ</u>

*42 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, എ. റ്റി. ജോർജ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫാർമേഴ്സ് സർവ്വീസ് സെന്ററുകളുടെ പ്രവർത്തനത്തിന് തുടക്കമിട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇവയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ് ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) കർഷകർക്ക് കൃത്യ സമയത്ത് വിത്തും വളവും ലഭ്യമാക്കുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് ഈ സെന്ററുകളിൽ ഒരുക്കിയിട്ടുള്ളത് ;

(ഡി) ഇവയുടെ പ്രവർത്തനത്തിന് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത് ; വിശദംശങ്ങൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.12.2012–ലെ മറുപടിക്ക്

<u>തീരദേശ റെയിൽവേ സോൺ</u>

*43 ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ
,, സി. മോയിൻകുട്ടി
" എം.പി. അബ്ദുസ്സമദ് സമദാനി
" അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ റെയിൽവേ വികസനം ത്വരിതപ്പെടുത്തുന്നതിനായി തീരദേശ റെയിൽവേ സോൺ എന്ന ആശയം പരിഗണിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അക്കാര്യം പരിഗണിക്കുമോ;

(ബി) തീരദേശ ലൈൻ കൂടുതലുള്ളതിനാൽ റെയിൽവേ സോൺ എന്ന ആവശ്യം പ്രായോഗികമാണെന്ന കാര്യം ശ്രദ്ധയിൽവന്നിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ കേന്ദ്ര റെയിൽവേ മന്ത്രാലയത്തിൽ സമ്മർദ്ദം ചെലുത്തി ആവശ്യം നേടിയെടുക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 11.12.2012–ലെ മറുപടിക്ക്

<u>കെ. എസ്. ആർ. ടി. സി. മാനേജ്മെന്റിന്റെ</u>
<u>കെടുകാര്യസ്ഥത</u>

*44 ശ്രീ. സി. കൃഷ്ണൻ
,, ബി. സത്യൻ
,, കെ. ദാസൻ
ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. മാനേജ്മെന്റിന്റെ കെടുകാര്യസ്ഥത മൂലം കോർപ്പറേഷന്റെ നഷ്ടം പ്രതിദിനം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബസ്സുകൾക്കാവശ്യമായ സ്പെയർപാർട്സുകളും മറ്റും യഥാസമയം ലഭ്യമാക്കാത്തതിനാൽ ഒട്ടനവധി ബസ്സുകൾ കട്ടപ്പുറത്താണെന്നുള്ള കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ഡി) വേണ്ടത്ര ജീവനക്കാരില്ലാത്തതു മൂലം എത്ര കിലോമീറ്റർ സർവ്വീസാണ് പ്രതിദിനം റദ്ദാക്കപ്പെടുന്നത് എന്നും കോർപ്പറേഷനുണ്ടാകുന്ന നഷ്ടം എത്രയാണെന്നും വ്യക്തമാക്കാമോ;

(ഇ) പുതിയ ഷാസികൾ വാങ്ങാത്തതുമൂലം ബോഡി നിർമ്മാണം പൂർണ്ണമായും നിലയ്ക്കുകയും തൽഫലമായി ജീവനക്കാർ പിരിച്ചുവിടൽ ഭീഷണിയിലാണെന്നുമുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(എഫ്) ഡീസൽ വിലയിനത്തിൽ നൽകുവാനുള്ള തുക മറ്റാവശ്യങ്ങൾക്ക് വക മാറ്റി ചെലവഴിക്കുന്നതുമൂലം ഉണ്ടാകുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ
# 11.12.2012-ലെ മറുപടിക്ക്

വാണിജ്യ ചെക്ക് പോസ്റ്റുകൾ

*45 ശ്രീ ആർ. സെൽവരാജ്
,, പാലോട് രവി
,, അൻവർ സാദത്ത്
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാണിജ്യ ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം സുതാര്യവും കാര്യക്ഷമവും അഴിമതി രഹിതവുമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) എത്ര ചെക്ക് പോസ്റ്റുകളിൽ ഓൺലൈൻ സമ്പ്രദായം നടപ്പാക്കിയിട്ടുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഇ-ഡിക്ലറേഷൻ പദ്ധതി എവിടെയെല്ലാം നടപ്പാക്കിയിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) എല്ലാ ചെക്ക് പോസ്റ്റുകളിലും സി.സി.റ്റി.വി സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

ഭരണഘടനാ ഭേദഗതിയും സഹകരണ മേഖലയും

*46 ശ്രീ. ഇ. പി. ജയരാജൻ
,, എം. ഹംസ
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭരണഘടനയുടെ 97-ാമത് ഭേദഗതി , സംസ്ഥാനത്തെ സഹകരണമേഖലയിൽ എന്തെല്ലാം നിലയിലുള്ള മാറ്റങ്ങൾ നിർദ്ദേശിക്കുന്നുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഇത് സംസ്ഥാനത്തെ സഹകരണമേഖലയിൽ എന്തെല്ലാം പ്രത്യാഘാതങ്ങളാണ് ഉണ്ടാക്കുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഭരണഘടനാഭേദഗതിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാം മാറ്റങ്ങളാണ് പരിഗണിച്ചുകൊണ്ടിരിക്കുന്നതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

<u>വൈദ്യുതി നിയന്ത്രണവും ഊർജ്ജ സംരക്ഷണവും</u>

*47 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
,, എ. കെ. ബാലൻ
,, പി. റ്റി. എ. റഹീം
,, ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി നിയന്ത്രണങ്ങൾക്കുള്ള കാരണങ്ങൾ എന്തെല്ലാമാണ് ;

(ബി) നിലവിൽ ഏതെല്ലാം നിലയിലുള്ള വൈദ്യുതി നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് ; അവ എന്ന് പിൻവലിക്കാൻ കഴിയുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ; നിയന്ത്രണങ്ങൾ പിൻവലിക്കാൻ എന്തെങ്കിലും പരിപാടി തയ്യാറാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) നിയന്ത്രണങ്ങൾമൂലം എത്ര വൈദ്യുതി ലാഭിക്കാൻ കഴിയുന്നുണ്ട് ;

(ഡി) ഊർജ്ജസംരക്ഷണവുമായി ബന്ധപ്പെട്ട് നിലവിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടന്നുവരുന്നത് ;

(ഇ) ഡിമാന്റ് സൈഡ് മാനേജ്മെന്റ് ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ വേണ്ടത്ര ജാഗ്രതയോടെ നടപ്പിലാക്കുന്നില്ലെന്ന് സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ, ബോർഡിനെ ശാസിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) ഇക്കാര്യത്തിൽ എന്ത് നടപടിയാണ് ബോർഡ് തലത്തിൽ സ്വീകരിച്ചിട്ടുളത് ?

# കേരള നിയമസഭ
## 11.12.2012–ലെ മറുപടിക്ക്

അതിവേഗ റെയിൽ ഇടനാഴി പദ്ധതി

*48 ശ്രീ. വി. ശിവൻകുട്ടി
,, സാജു പോൾ
,, എ. പ്രദീപ്കുമാർ
ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അതിവേഗ റെയിൽ ഇടനാഴി പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതിയെന്തെന്ന് വ്യക്തമാക്കാമോ ;

(ബി) നിർമ്മാണ ചുമതല കൊറിയൻ കമ്പനിയെ ഏല്പിക്കുന്നത് സംബന്ധിച്ച് സംസ്ഥാനത്തെ ഉദ്യോഗസ്ഥരും കൊറിയൻ കമ്പനി അധികൃതരുമായി ഡൽഹിയിൽ ചർച്ച നടത്തിയിരുന്നോ ; എങ്കിൽ സംസ്ഥാനത്തെ പ്രതിനിധീകരിച്ച് ആരെല്ലാമാണ് ചർച്ചയിൽ പങ്കെടുത്തതെന്നും, ചർച്ചയുടെ വിശദാംശം എന്താണെന്നും വ്യക്തമാക്കുമോ ;

(സി) അതിവേഗ റെയിൽവേ പദ്ധതിയുടെയും മോണോറെയിൽവേ പദ്ധതിയുടെയും മേൽനോട്ടം ഇ. ശ്രീധരനേയും ഡി.എം.ആർ.സി.യേയും ഏല്പിക്കുമെന്ന മുഖ്യമന്ത്രിയുടെ പ്രസ്താവനയ്ക്ക് വിരുദ്ധമായി ഇത്തരത്തിൽ കൊറിയൻ കമ്പനിയുമായി ചർച്ചയ്ക്കുള്ള കാരണം എന്തായിരുന്നു എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 11.12.2012–ലെ മറുപടിക്ക്

റെയിൽവേ ബോഗികളുടെ അറ്റകുറ്റ പണികൾ

*49 ശ്രീ. സി. കെ. സദാശിവൻ
,, എം. ചന്ദ്രൻ
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റെയിൽവേ ബോഗികളുടെ അറ്റകുറ്റ പണികൾ നടത്തുന്നതിന് ഇപ്പോഴുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) പാലക്കാട്, തിരുവനന്തപുരം ഡിവിഷനുകളിൽ നിന്നും അറ്റകുറ്റപണികൾക്കായി തമിഴ്നാട്ടിലേക്ക് അയക്കുന്ന കോച്ചുകൾക്ക് പകരം പഴകിയതും തകരാറുള്ളവയുമായ കോച്ചുകളാണ് തിരിച്ചുകിട്ടുന്നത് എന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരോ പാലക്കാട്, തിരുവനന്തപുരം ഡിവിഷൻ അധികൃതരോ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) അറ്റകുറ്റപണികൾക്കായി അയക്കുന്ന കോച്ചുകൾ തന്നെ യഥാസമയം തിരിച്ചു ലഭിക്കാത്തതുമൂലം സംസ്ഥാനത്ത് കോച്ചുകളുടെ ക്ഷാമം നേരിടുന്നതായുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇതിനു പരിഹാരമായി സംസ്ഥാനത്തു തന്നെ ഒരു റെയിൽവേ വർക്ക്ഷോപ്പ് ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.12.2012–ലെ മറുപടിക്ക്

<u>കൊച്ചി സ്മാർട്ട് സിറ്റി</u>

*50 ശ്രീ. ബെന്നി ബെഹനാൻ
,, ഹൈബി ഈഡൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചി സ്മാർട്ട് സിറ്റി യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഏതെല്ലാം നിർമ്മാണ പ്രവർത്തനങ്ങൾ ഇതിനോടകം പൂർത്തിയായിട്ടുണ്ട്; വിശദമാക്കുമോ;

(സി) സർക്കാർ സ്മാർട്ട് സിറ്റിക്കുവേണ്ടി എന്ത് തുക നൽകിയിട്ടുണ്ട്;

(ഡി) സ്മാർട്ട് സിറ്റിക്ക് പ്രത്യേക സാമ്പത്തിക സെസ്സ് പദവിക്ക് അനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 11.12.2012–ലെ മറുപടിക്ക്

<u>ക്ഷേമ പെൻഷൻ വർദ്ധന</u>

*51 ശ്രീ. ജോസഫ് വാഴക്കൻ
,, എ. റ്റി. ജോർജ്ജ്
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷേമ പെൻഷനുകളുടെ തുക വർദ്ധിപ്പിച്ചിട്ടുണ്ടോ;

(ബി) എത്ര ശതമാനം വർദ്ധനവാണ് വരുത്തിയിട്ടുളളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) വർദ്ധിപ്പിച്ച ക്ഷേമപെൻഷനുകൾക്ക് മുൻകാല പ്രാബല്യം നല്കിയിട്ടുണ്ടോ;

(ഡി) എങ്കിൽ എന്ന് മുതൽക്കാണ് പ്രാബല്യം നൽകിയിട്ടുളളത്?

# കേരള നിയമസഭ
# 11.12.2012-ലെ മറുപടിക്ക്

## എമർജിംഗ് കേരള

*52 ശ്രീ. വി. ചെന്താമരാക്ഷൻ
ഡോ. കെ.ടി. ജലീൽ
ശ്രീ. റ്റി.വി. രാജേഷ്
'' പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എമർജിംഗ് കേരളയിൽ വന്ന നിർദ്ദേശങ്ങളിൽ ഒരു മാസത്തിനകം ചർച്ചകൾ നടത്തി പദ്ധതികൾ തീരുമാനിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തിന് അനുയോജ്യമായ പദ്ധതികൾക്ക് അനുമതി നൽകുന്നതിന് നിശ്ചയിച്ചിരുന്ന കാലാവധി എത്രയായിരുന്നു ;

(ഡി) ഈ കാലാവധിക്കുള്ളിൽ എത്ര സംരംഭങ്ങൾക്ക് അനുമതി നൽകി ;

(ഇ) സർക്കാരുമായി നേരിട്ട് ബന്ധപ്പെട്ട് ലഭിച്ച പ്രൊപ്പോസലുകളെത്രയായിരുന്നു ; അവയെ സംബന്ധിച്ച് വിശദമായ റിപ്പോർട്ടുകൾ ആവശ്യപ്പെട്ടിരുന്നോ ;

(എഫ്) എങ്കിൽ പ്രസ്തുത റിപ്പോർട്ടുകൾ ലഭിച്ചുവോ ; അവയിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

<u>സ്മാർട്ട് സിറ്റി പദ്ധതി</u>

*53 ശ്രീ. കെ. രാധാകൃഷ്ണൻ
,, എളമരം കരീം
,, എസ്. ശർമ്മ
,, ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് സിറ്റി പദ്ധതി പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; പദ്ധതിപ്രവർത്തനം അനിശ്ചിതത്വത്തിലായിരുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിന്റെ കാരണം വ്യക്തമാക്കുമോ ; ;

(ബി) ഇവിടെ സെസ് പദവി നേരത്തേ ലഭിച്ചിട്ടുണ്ടായിരുന്ന എത്ര ഏക്കർ സ്ഥലമുണ്ട്; സെസ് പദവി ലഭിച്ചത് എന്നായിരുന്നു; ഇവിടെ നിർമ്മാണപ്രവർത്തനം ആരംഭിക്കാൻ താമസം നേരിടുന്നത് എന്തുകൊണ്ടാണ്;

(സി) ഇപ്പോഴത്തെ സ്ഥിതിയിൽ നിർമ്മാണം ആരംഭിക്കാൻ തടസ്സമായി ടീകോം ഉയർത്തുന്ന പ്രശ്നങ്ങൾ എന്തെല്ലാമാണ്; ഇതിനകം എന്തു തുക സർക്കാരും ടീകോം കമ്പനിയും പദ്ധതികൾക്കായി ചെലവഴിക്കുകയുണ്ടായി; ആദ്യഘട്ടത്തിൽ എത്ര ലക്ഷം സ്ക്വയർ മീറ്റർ കെട്ടിടം നിർമ്മിക്കാനാണുദ്ദേശിച്ചിരുന്നത്; ആയതിന് ടെൻഡർ വിളിച്ചിട്ടുണ്ടോ; നിർമ്മിക്കാനുദ്ദേശിക്കുന്ന കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിക്കാൻ എത്ര വർഷം ഇനിയും വേണ്ടിവരും;

(ഡി) ഈ സർക്കാരിന്റെ അവശേഷിക്കുന്ന കാലയളവിനുള്ളിൽ എത്ര സ്ക്വയർ മീറ്റർ കെട്ടിടം നിർമ്മിച്ച് എത്ര കമ്പനികളിലൂടെ എത്ര ലക്ഷം പേർക്ക് ഐ.ടി. രംഗത്ത് പുതുതായി തൊഴിൽ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ റെയിൽവേ വികസനം</u>

*54 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
,, കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അടുത്ത റെയിൽവേ ബഡ്ജറ്റിൽ സംസ്ഥാനത്തിന്റെ റെയിൽവേ വികസനവുമായി ബന്ധപ്പെട്ട് ഏതെല്ലാം കാര്യങ്ങളാണ് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) കഴിഞ്ഞ പ്രാവശ്യം സംസ്ഥാനം ആവശ്യപ്പെട്ട എന്തെല്ലാം കാര്യങ്ങൾ റെയിൽവേ പൂർണ്ണമായും പ്രാവർത്തികമാക്കിയെന്ന് വിശദമാക്കുമോ ;

(സി) പാതയിരട്ടിപ്പിക്കൽ, വൈദ്യുതീകരണം, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയിൽ കൂടുതൽ പരിഗണനയ്ക്ക് സംസ്ഥാനത്തിന് അർഹതയുണ്ടെന്ന് മുൻകൂട്ടി റെയിൽവേ മന്ത്രാലയത്തെ അറിയിക്കുന്നതിന് ഒരു അഖിലകക്ഷി പ്രതിനിധി സംഘത്തെ അയക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

<u>എമർജിംഗ് കേരളയ്ക്ക് ചെലവായ തുക</u>

*55 ശ്രീ. വി. എസ്. സുനിൽ കുമാർ
ശ്രീമതി ഇ. എസ്. ബിജിമോൾ
ശ്രീ. ഇ. ചന്ദ്രശേഖരൻ
,, കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എമർജിംഗ് കേരളയ്ക്കുവേണ്ടി ആകെ എത്ര കോടി രൂപ ചെലവഴിച്ചു;

(ബി) വെബ്സൈറ്റ് നിർമ്മിക്കുന്നതിനും അപ്ഡേറ്റ് ചെയ്യുന്നതിനുമായി എന്തു തുക ചെലവഴിച്ചു;

(സി) പരസ്യത്തിനും പ്രചരണത്തിനുമായി ഇതുവരെ ചെലവഴിച്ച തുക എത്ര; ഇതിനുള്ള പരസ്യ ഏജൻസികൾ ഏതെല്ലാം;

(ഡി) താമസം ഭക്ഷണം, യാത്രാപ്പടി ഇവയിലൊരോന്നിനുമായി ചെലവഴിച്ച തുക എത്ര വീതമാണ് ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

<u>ഇ-ഗവേർണൻസ്</u>

*56 ശ്രീ. എ. റ്റി. ജോർജ്
,, ജോസഫ് വാഴക്കൻ
,, വി. റ്റി. ബൽറാം
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹനവകുപ്പിൽ ഇ-ഗവേർണൻസ് ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തൊക്കെ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) എന്തെല്ലാം സൗകര്യങ്ങളാണ് പൊതുജനങ്ങൾക്ക് ഇതുവഴി ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ആയത് നടപ്പാക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
# 11.12.2012-ലെ മറുപടിക്ക്

<u>എമർജിംഗ് കേരളയിൽ വന്ന പദ്ധതികൾക്ക് ഭൂമി</u>

*57 ശ്രീ. എ. എം. ആരിഫ്
,, കെ. കെ. ജയചന്ദ്രൻ
,, ജെയിംസ് മാത്യു
,, കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എമർജിംഗ് കേരളയിൽ വന്ന പദ്ധതികൾക്കായി സ്ഥലം നൽകുന്നത് സംബന്ധിച്ച് നയപരമായ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ ;

(ബി) പാട്ടത്തിന് ഭൂമി നൽകുമ്പോൾ പാട്ടക്കാലാവധി എത്ര വർഷമായി നിജപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത് ;

(സി) ഈ നിർദ്ദേശത്തിന്മേൽ നിക്ഷേപകരുടെ പ്രതികരണം എന്തായിരുന്നു എന്ന് വ്യക്തമാക്കാമോ ;

(ഡി) സ്ഥലം പാട്ടത്തിന് നൽകുമ്പോൾ ഭൂമിയുടെ ഉപയോഗവും തൊഴിൽ സാദ്ധ്യതയും ഉൾപ്പെടെ എന്തെല്ലാം നിർദ്ദേശങ്ങളാണ് സർക്കാർ മുന്നോട്ട് വയ്ക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 11.12.2012-ലെ മറുപടിക്ക്

വൈദ്യുതി ഉപയോഗം പരിമിതപ്പെടുത്തൽ

*58 ശ്രീ. ജി.എസ്. ജയലാൽ
,, ഇ. ചന്ദ്രശേഖര
" കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വീടുകളിലെ പ്രതിമാസ വൈദ്യുതി ഉപഭോഗം ഇരുന്നൂറ് യൂണിറ്റായി പരിമിതപ്പെടുത്താൻ വൈദ്യുതി ബോർഡ് നിർദ്ദേശിച്ചിട്ടുണ്ടോ;

(ബി) ഇരുന്നൂറ് യൂണിറ്റിന് മുകളിലുളള ഗാർഹിക വൈദ്യുതി ഉപഭോക്താക്കളിൽ നിന്നും അധിക ചാർജ്ജ് ഈടാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എത്ര അധിക ചാർജ്ജ് ഈടാക്കുന്നതിനാണ് തീരുമാനിച്ചത്;

(സി) വ്യവസായങ്ങൾക്ക് എത്ര ശതമാനം പവർകട്ട് ഏർപ്പെടുത്തുന്നതിനാണ് തീരുമാനിച്ചിട്ടുളളത്; ഈ തീരുമാനം എമർജിംഗ് കേരളയുമായി ബന്ധപ്പെട്ട വ്യാവസായിക പദ്ധതികൾക്ക് ബാധകമാണോ;

(ഡി) വൈദ്യുതി ബോർഡിന്റെ ഇത്തരം തീരുമാനങ്ങൾക്ക് മേൽ വൈദ്യുതി റഗുലേറ്ററി കമ്മീഷൻ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 11.12.2012–ലെ മറുപടിക്ക്

<u>സഹകരണ കോൺഗ്രസ്സ് സമ്മേളനം</u>

*59 ശ്രീ. വി. പി. സജീന്ദ്രൻ
,, സി. പി. മുഹമ്മദ്
,, പി. സി. വിഷ്ണുനാഥ്
,, കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ കോൺഗ്രസ്സ് സമ്മേളനം നടത്തുകയുണ്ടായോ ;

(ബി) സമ്മേളനത്തിൽ എന്തെല്ലാം നിർദ്ദേശങ്ങളാണ് ചർച്ച ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) ഭരണഘടനാ ഭേദഗതിക്ക് അനുസൃതമായി സംസ്ഥാന സഹകരണ നിയമത്തിൽ മാറ്റം വരുത്തുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത മാറ്റം വരുത്തുന്നതിന് മുൻപ് ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്യുന്ന കാര്യം പരിഗണിക്കുമോ ?

**കേരള നിയമസഭ**
**11.12.2012–ലെ മറുപടിക്ക്**

<u>കാരുണ്യ ബനവലന്റ് പദ്ധതി</u>

*60 ശ്രീ. തോമസ് ഉണ്ണിയാടൻ
,, മോൻസ് ജോസഫ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബനവലന്റ് പദ്ധതിയിലൂടെ എത്ര രോഗികൾക്ക് ആശ്വാസം നൽകുവാൻ കഴിഞ്ഞു ;

(ബി) പദ്ധതിയുടെ വിജയം കണക്കിലെടുത്ത് കൂടുതൽ പേർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം സെക്രട്ടറി
2012 ഡിസംബർ 02.